(ബി) എങ്കിൽ അതിനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പരീക്ഷയുടെ ചോദ്യങ്ങൾ ചോർന്നതായുള്ള പരാതി ആദ്യമായി പി. എസ്. സി.-ക്ക് ലഭിച്ചത് എന്നാണ്;

(ഡി) ഈ പരാതി നിലവിലിരിക്കെ എൽ. ഡി. സി.-മാരായി നിയമിക്കപ്പെടുന്നതിനുള്ള സാദ്ധ്യതാലിസ്റ്റ് ദ്രുതഗതിയിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചതായി പരാതിയുണ്ടോ;

(ഇ) പ്രസ്തുത എൽ. ഡി. സി. പരീക്ഷയുടെ ചോദ്യങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി. സി, ഡി & ഇ) വിവരം ശേഖരിച്ചു വരുന്നു.

ഇടുക്കി ജില്ലയിലെ റദ്ദാക്കപ്പെട്ട പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ

37 [37] ശ്രീ. എ. സുജനപാൽ:
,, പി. ടി. തോമസ്:
,, ഇ. എം. അഗസ്തി:
,, എൻ. ശക്തൻ:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി.-യുടെ ഇടുക്കി ജില്ലാ റിക്രൂട്ട്മെന്റ് ഓഫീസിൽ നിലവിലുണ്ടായിരുന്ന ഏതെങ്കിലും റാങ്ക് ലിസ്റ്റ് 2003-ൽ റദ്ദാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ലിസ്റ്റുകളെന്ന് അറിയിക്കുമോ;

(സി) ഈ റാങ്ക് ലിസ്റ്റുകളുടെ കാലാവധി 2004 മാർച്ച് 31 വരെ ദീർഘിപ്പിക്കുവാനുള്ള തീരുമാനം ഗവൺമെന്റ് തലത്തിൽ എടുത്തിരുന്നുവോ;

(ഡി) എങ്കിൽ ഇടുക്കി ജില്ലയിൽ ഈ കാലത്ത് നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കാതിരുന്നത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി & ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly